**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3347** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭവന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിട്ട പ്രളയദുരന്തങ്ങളുടെയും മറ്റു പ്രകൃതിക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതിയിലുള്ള ഭവന നയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനം നേരിട്ട പ്രളയ ദുരന്തങ്ങളുടേയും മറ്റു പ്രകൃതി ക്ഷോഭങ്ങളുടേയും പശ്ചാത്തലത്തിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതിയിലുള്ള ഭവന നയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗവരവത്തോടെ കാണുകയും ആയത് പ്രതിരോധിക്കാൻ ശേഷിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയും രീതിയും പരിഷ്കരിച്ച കരട് ഭവന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനായി ഇന്ത്യൻ സ്റ്റാന്റേർഡ് ഇൻസ്റ്റിറ്റ്യൂട്ട് കോഡുകൾ അനുശാസിക്കുന്ന earthquake wind analysis ന് വിധേയമായിട്ടുള്ള കെട്ടിടങ്ങളാണ് രൂപകൽപ്പന ചെയ്യുന്നത്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സംസ്ഥാനം നേരിട്ട പ്രളയ ദുരന്തങ്ങളുടേയും മറ്റു പ്രകൃതി ക്ഷോഭങ്ങളുടേയും പശ്ചാത്തലത്തിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതിയിലുള്ള ഭവന നയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗവരവത്തോടെ കാണുകയും ആയത് പ്രതിരോധിക്കാൻ ശേഷിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയും രീതിയും പരിഷ്കരിച്ച കരട് ഭവന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനായി ഇന്ത്യൻ സ്റ്റാന്റേർഡ് ഇൻസ്റ്റിറ്റ്യൂട്ട് കോഡുകൾ അനുശാസിക്കുന്ന earthquake wind analysis ന് വിധേയമായിട്ടുള്ള കെട്ടിടങ്ങളാണ് രൂപകൽപ്പന ചെയ്യുന്നത്. |
| (സി) | പ്രകൃതിവിഭവങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയെ | (സി) | പ്രകൃതി വിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിനും സുസ്ഥിര വാസസ്ഥലം നിർമ്മിക്കുന്നതിനുമുള്ള |

| | | | |
|---|---|---|---|
| | ഫലപ്രദമായി നിയന്ത്രിക്കുന്ന രീതിയിൽ നയപരിപാടി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | | ആവശ്യകതയും ആയതിലേയ്ക്കുള്ള നയ പരിപാടിയും ഉൾപ്പെടുത്തിയാണ് കരട് ഭവന നയം തയ്യാറാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ